02
Tuesday
December 2014

Mangalam

KOOVS
FIRST FOR FASHION ONLINE



# വെളിച്ചെണ്ണ വാർധക്യം തടയും

Story Dated: Wednesday, November 26, 2014 01:27



ലണ്ടൻ: വെളിച്ചെണ്ണ വാർധക്യം തടയുമെന്നു ഡെൻമാർക്കിലെ ഗവേഷകർ. അൽഷിമേഴ്സ്, പാർക്കിൻസൺ രോഗങ്ങളും തടയാൻ വെളിച്ചെണ്ണയ്ക്കു കഴിവുണ്ടെന്നു കോപ്പൻഹേഗൻ സർവകലാശാലയിലെ ഗവേഷകർ കണ്ടെത്തി.

വെളിച്ചെണ്ണയിൽ അടങ്ങിയ ഫാറ്റി ആസിഡുകളാണു വാർധക്യം തടയുന്നത്. തകരാറിലാകുന്ന കോശങ്ങളെയും ഡി.എൻ.എയെയും പ്രവർത്തനക്ഷമമാക്കാനുള്ള ഫാറ്റി ആസിഡുകളുടെ കഴിവാണ് അനുഗ്രഹമാകുക.

എലികളിൽ നടത്തിയ പരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണു പ്രഫ. വിൽഹേം ബോറിന്റെ നേതൃത്വത്തിലുള്ള ഗവേഷകർ നിഗമനത്തിലെത്തിയത്. വെളിച്ചെണ്ണയിലൂടെ ലഭിക്കുന്ന അധിക ഇന്ധനം തലച്ചോറിലെ കോശങ്ങളുടെ തകർച്ച തടയും. ഗവേഷണ ഫലം സെൽ മെറ്റാബോളിസം ജേണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.